പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 313 — 17.12.2015-ലെ മറുപടിക്ക്

ജയിൽ ശിക്ഷ

ചോദ്യം
ശ്രീ.റ്റി.എ.അഹമ്മദ് കബീർ
ശ്രീ.പി.ഉബൈദുള്ള
ശ്രീ.സി.മമ്മൂട്ടി
ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) നിരപരാധികളായ കുട്ടികൾ ജയിൽ ശിക്ഷ അനുഭവിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | എ) കുട്ടികൾ ജയിലുകളിൽ ശിക്ഷയനുഭവിക്കുന്നില്ല. എന്നാൽ ശിക്ഷിക്കപ്പെട്ടോ, റിമാന്റ് ചെയ്യപ്പെട്ടോ ജയിലുകളിലെത്തുന്ന സ്ത്രീ തടവുകാരോടൊപ്പം അവരുടെ കുട്ടികളെ 6 വയസ്സുവരെ ജയിലുകളിൽ പാർപ്പിക്കാൻ ജയിൽ ചട്ടങ്ങൾ അനുവദിക്കുന്നുണ്ട്. |
| ബി) നിരപരാധികളും, സാഹചര്യം മൂലം കുറ്റവാളികളായി തടവുശിക്ഷ അനുഭവിക്കേണ്ടി വരുന്നവരും ജയിലുകളിൽ തടവിലുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) സംശയാസ്പദമായ സാഹചര്യങ്ങളിൽ പിടിക്കപ്പെട്ട് കോടതി റിമാന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലും, കുറ്റം ചെയ്തു എന്ന് കോടതികൾ കണ്ടെത്തിയവരേയുമാണ് ജയിലുകളിൽ പാർപ്പിച്ചിട്ടുള്ളത്. ടി തടവുകാരുടെ നിരപരാധിത്വത്തെ സംബന്ധിച്ച് തീരുമാനിക്കേണ്ടത് കോടതികളാണ്. |
| സി) എങ്കിൽ ആയതിന്റെയൊക്കെ അടിസ്ഥാനത്തിൽ നടപടി ചട്ടങ്ങളിലും, ശിക്ഷാ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | സി) തടവുകാർക്ക് സൗജന്യ നിയമസഹായം നൽകുന്നതിനായി ജയിലുകളിൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ കീഴിൽ നിയമസഹായ ക്ലിനിക്കുകൾ നടത്തി വരുന്നു. നിയമസഹായ ക്ലിനിക്കുകൾ മുഖേന തടവുകാർക്ക് നിയമസഹായവും നിയമോപദേശവും നൽകുന്നതിനും വിചാരണ വേഗത്തിലാക്കി നിരപരാധിത്വം തെളിയിക്കുന്നതിനും കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ